**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന ഏറനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന ഏറനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>ഏറനാട് മണ്ഡലത്തിൽ മഞ്ചേരി ബ്ലോക്കിന്റെ കീഴിൽ അരീക്കോട്, കാവനൂർ, കീഴുപറമ്പ് , എടവണ്ണ, കുഴിമണ്ണ, ഉറങ്ങാട്ടിരി പഞ്ചായത്തുകളും നിലമ്പൂർ ബ്ലോക്കിലെ ചാലിയാർ പഞ്ചായത്തും ഉൾപ്പെടുന്നു. 697.28 ച. കി. മി വിസ്തൃതിയുള്ള ഈ മണ്ഡലത്തിൽ പ്രധാനമായും നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, വാഴ, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, ജാതി, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. ഇതിനു പുറമെ പഴവർഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, മാങ്കോസ്റ്റിൻ, റംബുട്ടാൻ, പപ്പായ, പൈനാപ്പിൾ തുടങ്ങിയവയും കൂൺ കൃഷി, തേനീച്ച വളർത്തൽ, പുഷ്പക്കൃഷി, മത്സ്യകൃഷി എന്നിവയും ചെയ്തുപോരുന്നു. 135 ഹെക്ടർ നെല്ല്, 1600 ഹെക്ടർ തെങ്ങ്, 120 ഹെക്ടർ പച്ചക്കറി, 425 ഹെക്ടർ വാഴ എന്നിങ്ങനെ പ്രധാന കൃഷികൾ ചെയ്തുപോരുന്നു. പച്ചക്കറി തൈകൾ, വിത്തുകൾ, മഴമറ, സ്കൂളുകൾക്കുള്ള വിവിധ പദ്ധതികൾ, മൺചട്ടിയിൽ കൃഷി എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>ഏറനാട് മണ്ഡലത്തിൽ 500 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കി. ഇതിനു പുറമെ എസ്,എച്ച്.എം, ആത്മ, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ജനകീയാസൂത്രണം പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. പുതുതായി 149.4 ഹെക്ടർ സ്ഥലത്ത് കൂടെ കൃഷി ആരംഭിച്ചു. 46.3 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി. ജൈവ കൃഷി രീതിക്ക് മുൻതൂക്കം കൊടുക്കുന്നതിനാൽ ഗുണമേന്മയുള്ള വിത്തുകൾ, തൈകൾ, ജൈവ |

വളങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. 24.55 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ സാധിച്ചു.

കേരകർഷകർക്ക് ഒരു കൈത്താങ്ങായി കൊണ്ടുവന്ന പദ്ധതിയാണ് പച്ചത്തേങ്ങ സംഭരണം. വിപണിയിലെ വിലയേക്കാൾ കർഷകർക്ക് ഇതിലൂടെ വില കിട്ടുന്നു. പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ എടവണ്ണ, കീഴുപറമ്പ, ഉറങ്ങാട്ടിരി, കാവനൂർ എന്നിവയാണ്. ഇതിൽ കീഴുപറമ്പ, എടവണ്ണ സംഭരണ കേന്ദ്രങ്ങൾ നാഫെഡിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കുക എന്ന ആശയത്തിന് പ്രാധാന്യം കൊടുത്ത് 'ഞങ്ങളും കൃഷിയിലേക്ക്'' പദ്ധതിയുടെ ഭാഗമായി കൈകുഞ്ഞുങ്ങളും കിടപ്പുരോഗികളും ഒഴികെ എല്ലാവരും കൃഷിയിലേക്ക് എന്നതിലൂടെ കൃഷിക്കൂട്ടങ്ങൾ ഓരോ പഞ്ചായത്തിലെയും എല്ലാ വാർഡുകളിലും നടപ്പിലാക്കി. അതിൽ ഉത്പാദന മേഖലയിൽ 64 കൃഷിക്കൂട്ടങ്ങളും സേവനമേഖലയിൽ 8 കൃഷിക്കൂട്ടങ്ങളും മൂല്യവർധന മേഖലയിൽ 13 കൃഷിക്കൂട്ടങ്ങളും ആണ് ഉള്ളത്. ഇതിലൂടെ ഒരു പഞ്ചായത്തിലെ കൃഷിയുമായി ബന്ധപെട്ടു നടപ്പിലാക്കുന്ന പദ്ധതികളും, അതിനുവേണ്ട സഹായങ്ങളും ആ പഞ്ചായത്തിലെ എല്ലാവരിലേക്കും കൃത്യമായി എത്തിക്കപ്പെടുന്നു.

'കൃഷിയിടാധിഷ്ഠിത ഫാം പ്ലാൻ' വികസന സമീപനം എന്നതിലൂടെ ഓരോപഞ്ചായത്തിലും 45 മാതൃക കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കി. കർഷകന്റെ കൃഷിയിടത്തിനു പ്രാധാന്യം നൽകുന്ന സമീപനമാണ് 'കൃഷിയിടാധിഷ്ഠിത ഫാം പ്ലാൻ' പദ്ധതി ലക്ഷ്യമാക്കുന്നത്.

പ്രകൃതി ദുരന്തത്തിലെ നഷ്ടപരിഹാരമായി ഏകദേശം 3 കോടി രൂപയും പെൻഷൻ ഇനത്തിൽ 4 കോടി രൂപയും ആദ്യ ഘട്ടത്തിൽ നൽകിയിട്ടുണ്ട്.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഏറനാട് നിയോജകമണ്ഡലത്തിൽ റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി എടവണ്ണ, ഓടക്കയം എന്നീ പദ്ധതികളും ഉരുൾപ്പൊട്ടൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി (ലാന്റ് സ്ലൈഡ് സ്റ്റെബിലൈസേഷൻ സ്കീം)യിൽ ഉൾപ്പെടുത്തി പുളിക്കൽചോല (ഫേസ് 1 & ഫേസ് 2), കല്ലേമുച്ചി ചാത്തല്ലൂർ നീർത്തടം (ഫേസ് 1, ഫേസ് 2 & ഫേസ് 3) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഏറനാട് നിയോജകമണ്ഡലത്തിൽ MAM പദ്ധതിയുടെ

| | | | |
|---|---|---|---|
| | | | ഭാഗമായി വിവിധ പഞ്ചായത്തുകളിൽ 995 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുകയുംഅരീക്കോട് ബ്ലോക്കിൽ സോയിൽ ടെസ്റ്റിംഗ് ക്യാമ്പയിനുകൾ നടത്തുകയും SAGY പദ്ധതിയുടെ ഭാഗമായി 105 സോയിൽ ഹെൽത്ത് കാർഡുകൾ കീഴുപറമ്പ് പഞ്ചായത്തിൽ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും എന്താണെന്ന് അറിയിക്കുമോ? | (ബി) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>ഏറനാട് നിയോജകമണ്ഡലത്തിൽ **മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്** മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ഒന്നാം സർക്കാർ**

| ക്രമ നമ്പർ | പദ്ധതി | ചിലവാക്കിയ തുക(ലക്ഷം രൂപയിൽ ) |
|---|---|---|
| 1 | നാളികേര വികസന പദ്ധതി | 122.6289 |
| 2 | നെൽകൃഷി വികസന പദ്ധതി | 32.92438 |
| 3 | പച്ചക്കറി വികസന പദ്ധതി | 44.34835 |
| 4 | സുഗന്ധവിള പരിപാലനം | 2.58 |
| 5 | സ്ട്രെങ്തനിങ് ഓഫ് അഗ്രി എക്സ്റ്റെൻഷൻ | 44.34835 |
| 6 | എസ്. എച്ച്. എം | 31.22848 |
| 7 | ആത്മ | 70.79332 |

**രണ്ടാം സർക്കാർ**

| ക്രമ നമ്പർ | പദ്ധതി | ചിലവാക്കിയ തുക(ലക്ഷം രൂപയിൽ ) |
|---|---|---|
| 1 | നാളികേര വികസന പദ്ധതി | 118.22807 |
| 2 | നെൽകൃഷി വികസന പദ്ധതി | 10.7286 |
| 3 | പച്ചക്കറി വികസന പദ്ധതി | 52.61489 |
| 4 | സുഗന്ധവിള പരിപാലനം | 1.695 |
| 5 | സ്ട്രെങ്തനിങ് ഓഫ് അഗ്രി എക്സ്റ്റെൻഷൻ | 6.61328 |
| 6 | ആത്മ | 9.917975 |

**<u>അനുബന്ധം 2</u>**

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ആരംഭിച്ച തീയതി | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | പുളിക്കൽചോല LSS Phase-1 | 15.00000 | 26-11-2024 | 11.97081 | പൂർത്തീകരിച്ചു |
| 2 | പുളിക്കൽചോല LSS Phase-2 | 15.00000 | 03-10-2025 | | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 3 | എടവണ്ണ RKI | 82.99000 | 08-02-2021 | 70.51891 | പൂർത്തീകരിച്ചു |
| 4 | ഓടക്കയം RKI | 63.44000 | 09-12-2020 | 60.60387 | പൂർത്തീകരിച്ചു |
| 5 | കല്ലേമൂച്ചി ചാത്തല്ലൂർ നീർത്തടം LSS | | 12-12-2023 | | പൂർത്തീകരിച്ചു |
| | Phase -1 | 5.00000 | | 4.8987 | പൂർത്തീകരിച്ചു |
| | Phase-2 | 10.00000 | | 7.86908 | പൂർത്തീകരിച്ചു |
| | Phase-3 | 35.70000 | | 23.0826146 | പൂർത്തീകരിച്ചു |